## സഭയിൽ ഇറങ്ങിപ്പോക്ക്

# തദ്ദേശ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുന്നില്ലെന്ന് പ്രതിപക്ഷം

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്ത വിഹിതം നൽകാതെ അധികാര വികേന്ദ്രീകരണം സർക്കാർ അട്ടിമറിച്ചെന്ന് ആരോപിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

2021 വരെ നടപ്പാക്കേണ്ട ശുപാർശയാണ് കമ്മിഷൻ സമർപ്പിച്ചത്. പിന്നീട് മൂന്നു ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടും കമ്മിഷൻ ശുപാർശ ചെയ്ത വിഹിതം ധനമന്ത്രി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല. ഇത് തദ്ദേശ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കി. കമ്മിഷൻ നിർദ്ദേശിച്ചതിനെക്കാൾ 19 ശതമാനം കുറവാണ് ഈ വർഷം നൽകിയതെന്നും അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ വി.ഡി.സതീശൻ കുറ്റപ്പെടുത്തി.

അഞ്ചു വർഷം ഓരോ പ്രാദേശിക സർക്കാരിനും ലഭിക്കേണ്ട തുക അറിയിക്കണം, തദ്ദേശ സ്ഥാപനങ്ങൾക്ക് ആസ്തിയുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് നൽകണം, വാർഷിക ഫണ്ട് 12 ഗഡുക്കളായി നല്കണം തുടങ്ങിയ ശുപാർശകൾ നിരാകരിച്ചു. പ്രതിപക്ഷത്തായിരുന്നപ്പോൾ തോമസ് ഐസക് ധനകാര്യ കമ്മിഷന് മുന്നിൽ വച്ച പ്രധാന ആവശ്യങ്ങൾ മന്ത്രിയായപ്പോൾ അദ്ദേഹം അട്ടിമറിച്ചു. വിനോദ നികുതി വരുമാനം എട്ടുമാസമായി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല. ലൈഫ് പദ്ധതി പൂർത്തിയാക്കാനുള്ള പണവും നൽകുന്നില്ലെന്നും സതീശൻ പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലല്ലെന്ന് മന്ത്രി തോമസ് ഐസക് പറഞ്ഞു. കഴിഞ്ഞ വർഷത്തെ 8,671 കോടി അടങ്കൽ ഇക്കൊല്ലം 9,774 കോടിയാക്കി വർദ്ധിപ്പിച്ചു. അവയുടെ ചെലവ് നിയന്ത്രിച്ചിട്ടില്ല. കേന്ദ്രവിഹിതം ട്രഷറിക്ക് പുറത്ത് ബാങ്കിലിടാൻ കേന്ദ്രം അനുവദിക്കുന്നില്ല. ട്രഷറിയിൽ പണം പരിധി വിട്ടാൽ വായ്പയെടുക്കുന്നത് കേന്ദ്രം തടയും. ബഡ്ജറ്റിൽ പാർപ്പിട പദ്ധതിക്കായി 2500 കോടി വകയിരുത്തിയിട്ടുണ്ട്. ധനകാര്യ കമ്മിഷന്റെ ശുപാർശകൾ ധനസ്ഥിതിയെ ബാധിക്കുമെന്നതിനാൽ ചില ഭേദഗതികൾ വരുത്തിയെന്നും മന്ത്രി പറഞ്ഞു.

പിശുക്കനായ മുതലാളിയെപ്പോലെയാണ് ധനമന്ത്രിയെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. കേന്ദ്രത്തോട് കണക്കുപറഞ്ഞ് വാങ്ങുന്ന മന്ത്രി, തദ്ദേശ സ്ഥാപനങ്ങൾക്ക് അർഹമായ വിഹിതം നൽകുന്നില്ല. പ്രാദേശിക സർക്കാരുകളെ ദുർബലപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ചെന്നിത്തല പറഞ്ഞു.

ധനകാര്യ കമ്മിഷന്റെ ശുപാർശകൾ നിസാരവത്കരിക്കുന്നത് ഏകാധിപത്യപരമാണെന്ന് കെ.എം. മാണി പറഞ്ഞു. എം.കെ. മുനീർ, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ എന്നിവരും പ്രസംഗിച്ചു.